X 2013

**Series RSH**

**Code No. 12**

Roll No. [ | | | | | | ]

Candidates must write the Code on the title page of the answer-book.

- Please check that this question paper contains **7** printed pages.
- Code number given on the right hand side of the question paper should be written on the title page of the answer-book by the candidate.
- Please check that this question paper contains **8** questions.
- **Please write down the Serial Number of the question before attempting it.**
- 15 minutes time has been allotted to read this question paper. The question paper will be distributed at 10.15 a.m. From 10.15 a.m. to 10.30 a.m., the students will read the question paper only and will not write any answer on the answer-book during this period.

## SUMMATIVE ASSESSMENT – II

# മലയാളം

# MALAYALAM

*അനുവദിച്ച സമയം : 3 മണിക്കൂർ* — *ആകെ മാർക്ക് : 90*

*Time allowed : 3 hours* — *Maximum Marks : 90*

*The Question Paper will be divided into* ***four*** *sections :*

| | | |
|---|---|---|
| Section A : | Reading Comprehension | *10 marks* |
| Section B : | Writing | *14 marks* |
| Section C : | Grammar | *18 marks* |
| Section D : | Literature | *48 marks* |

## എ വിഭാഗം / SECTION A

1. താഴെ കൊടുത്തിരിക്കുന്ന ഖണ്ഡികവായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക :

ഭൂമിയിൽ ജീവിക്കുന്ന മനുഷ്യനു് അത്യാവശ്യം വേണ്ടുന്ന മൂന്നു കാര്യങ്ങളാണ് വായു, വെള്ളം, ഭക്ഷണം എന്നിവ. ഇതിൽ ആദ്യം പറഞ്ഞരണ്ടും കേരളത്തിൽ സുലഭംതന്നെ എന്നാൽ ഭക്ഷണത്തിന് നാം അന്യനാടുകളെ ആശ്രയിക്കുകയാണിന്ന്. അനുദിനം വർദ്ധിക്കുന്ന ജനസംഖ്യ ഭക്ഷ്യപ്രശ്നം സൃഷ്ടിക്കുന്ന ഒരു ഘടകമാണ്. ജനസംഖ്യ കൂടുന്നതിനനുസരിച്ച് കൃഷിസ്ഥലങ്ങൾ വർദ്ധിക്കുന്നില്ല. കാലാവസ്ഥാവ്യതിയാനം മൂലം കർഷകന് നല്ലരീതിയിൽ കൃഷിയിറക്കാൻ കഴിയാതെവരുന്നു. ഇത് വിളനാശത്തിന് കാരണമാകുന്നു. നീർത്തടങ്ങളായ വയലുകൾ നികത്തി വീടുവയ്ക്കുന്നത് ഇന്ന് വ്യാപകമായിട്ടുണ്ട്. തന്മൂലം ജലാംശം ആഴത്തിലേക്കുവലിയും. പണ്ടുള്ള ജലസ്രോതസ്സുകൾപോലും വറ്റാൻ ഇത് കാരണമാകുന്നു ജലദൗർലഭ്യവും വെള്ളപ്പൊക്കവും; രണ്ടായാലും കർഷകന് ആദായം നഷ്ടപ്പെടുന്നു. കാർഷികോൽപ്പന്നങ്ങൾക്ക് ആവശ്യത്തിനുള്ള വില ലഭിച്ചില്ലെങ്കിൽ നഷ്ടംവരും. വിത്ത്, വളം ജോലിക്കൂലി എന്നിവയിലെ വർദ്ധനവ് അമിതമാണ്. കർഷകന് വേണ്ടത്ര വിപണനസാധ്യതയില്ലാതെവരുമ്പോൾ 'വിത്തെടുത്ത് കുത്തേണ്ട' അവസ്ഥ വരും. ഇത് കർഷകന്റെ ആത്മഹത്യയ്ക്കു വഴിവയ്ക്കുന്നു. കാർഷികപ്രതിസന്ധി പരിഹരിക്കുകയാണ് ഭക്ഷ്യപ്രശ്നം പരിഹരിക്കുന്നതിനുള്ള പ്രധാന ഉപാധി. ജലസേചന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കണം, കീടനാശിനികളും വളവും മിതമായ നിരക്കിൽ നൽകണം, കുറച്ചുസ്ഥലത്തുനിന്ന് കൂടുതൽ വിളവുലഭിക്കുന്ന വിത്തിനങ്ങൾ കർഷകനു നൽകണം, ബോധവൽക്കരണത്തിലൂടെ ആധുനികകൃഷിരീതികൾ കർഷകന് മനസ്സിലാക്കിക്കൊടുക്കണം. ഇപ്രകാരം കൃഷിക്കുവേണ്ട

പ്രോത്സാഹനം നൽകുകയാണു വേണ്ടത്. നിലംനികത്തൽ നിരോധിക്കുക, കാർഷികവൃത്തി മാന്യമായ ജീവിതസംസ്കാരം നൽകുമെന്ന് ബോധ്യപ്പെടുത്തുക, ഇടനിലക്കാരില്ലാതെ വിപണനസാധ്യത വർദ്ധിപ്പിക്കുക തുടങ്ങിയ സഹായങ്ങൾ സർക്കാർ തലത്തിലും ചെയ്യുമ്പോൾ കേരളത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഇവിടെത്തന്നെ കൃഷിചെയ്യാം. അത്തരം ഭക്ഷ്യവസ്തുക്കൾ ആരോഗ്യത്തിന് നല്ലതാണെന്നസത്യം കർഷകർ തിരിച്ചറിയുകകൂടി ചെയ്യുമ്പോൾ നമ്മുടെ ഭക്ഷ്യക്ഷാമം മാറുകയും ചെയ്യും.

(i) കാർഷികപ്രതിസന്ധിക്കുള്ള കാരണങ്ങൾ എന്തെല്ലാം ? 2

(ii) കർഷക ആത്മഹത്യയിലേക്കു നയിക്കുന്ന ഘടകങ്ങൾ എന്തെല്ലാമാണ് ? 2

(iii) കൃഷിയെ പ്രോത്സാഹിപ്പിക്കാൻ എന്തെല്ലാമാണ് ചെയ്യേണ്ടത് ? 2

(iv) ഭക്ഷ്യക്ഷാമത്തിന് അറുതി വരുത്തുവാൻ സർക്കാർതലത്തിൽ ചെയ്യേണ്ട സഹായങ്ങൾ എന്തെല്ലാം ? 2

(v) ജലദൗർലഭ്യത്തിനുള്ള കാരണങ്ങൾ കണ്ടെത്തുക. 2

## ബി വിഭാഗം / SECTION B

**2.** (i) ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ച് ഉപന്യസിക്കുക : 7

(a) പരമ്പരാഗത ഭക്ഷണരീതികൾ പുതുമയ്ക്ക് വഴിമാറുമ്പോൾ ഉണ്ടാകാവുന്ന ദോഷങ്ങൾ.

(b) വിദ്യാർത്ഥികളും സാമൂഹ്യസേവനവും.

(c) കാലാവസ്ഥാവ്യതിയാനവും പ്രകൃതിചൂഷണവും.

(ii) നിങ്ങൾ വിദ്യാലയത്തിലേക്കുവരുന്ന റോഡുകളുടെ ശോചനിയാവസ്ഥ വിവരിച്ച് അത് പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പഞ്ചായത്ത് പ്രസിഡണ്ടിന് കത്ത് തയ്യാറാക്കുക. 7

## സി വിഭാഗം / SECTION C

**3.** (a) പ്രയോഗം മാററുക *1*

സൃഷ്ടികർത്താവ് നിയോഗിച്ച ഒരു യജ്ഞമാണ് കർമ്മം

(b) അർത്ഥവ്യത്യാസം വരാതെ വിധിവാക്യത്തെ നിഷേധ വാക്യമാക്കി മാററുക.

ചോദ്യങ്ങളെ കീഴ്പ്പെടുത്തുന്ന ഉത്തരങ്ങൾ അയാൾ സംഭരിച്ചു വച്ചിരുന്നു. *1*

(c) അംഗ, അംഗിവാക്യങ്ങൾ വേർതിരിച്ചെഴുതുക.

ആവശ്യമായ മനുഷ്യപ്രയത്നത്തിനു സ്ഥാനഭ്രംശം വരുത്താൻ യന്ത്രത്തെ അനുവദിച്ചുകൂടാ എന്ന് ഗാന്ധിജി അഭിപ്രായപ്പെട്ടു. *1*

(d) വാക്യത്തിൽ തെററുണ്ടെങ്കിൽ തിരുത്തുക.

ഇരുട്ടിൽ കാഴ്ച നഷ്ടപ്പെടുന്നിതിനുമുമ്പ് അയാൾ വിണ്ടും ഒന്നുകൂടെ നോക്കി, കൈയിലെ ഫയലിന് ആകൃതിയിൽ എന്തോ രുപാന്തരമുണ്ടാകുന്നു. *1*

**4.** ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം എടുത്തെഴുതുക.

(a) പര്യായപദങ്ങൾ എഴുതുക *2×1=2*

(i) വെണ്മ
(വെളുപ്പ്, ഉണ്മ, അഭ്രം, ശുഭ്രം)

(ii) ഗന്ധം
(നിണം, മണം, സൗരഭ്യം, സൗഭാഗ്യം)

(b) നാനാർത്ഥപദങ്ങൾ എടുത്തെഴുതുക *2×1=2*

(i) ഉന്മദം
(ഹുങ്കാരം, അഹങ്കാരം, ഭ്രാന്ത്, ഭ്രമരം)

(ii) വയസ്സ്
(ഉള്ളം, വെള്ളം, കാൽ, പാൽ)

(c) വിപരീതപദം എഴുതുക $2 \times 1 = 2$

(i) ആര്യം
(ആര്യ, വീര്യം, അനാര്യം, സുതാര്യം)

(ii) ശുദ്ധി
(വിശുദ്ധി, അശുദ്ധി, വിബുദ്ധി, സുബുദ്ധി)

(d) അർത്ഥവ്യത്യാസം എഴുതുക $2 \times 1 = 2$

(i) ദുരിതം - ദൂരിതം
(ആപത്ത്, സമ്പത്ത്, ദൂരത്ത്, ചാരത്ത്)

(ii) മാനം - യാനം
(വിദേശം, ആകാശം, യാത്ര, ഗാത്രം)

(e) എതിർലിംഗം എഴുതുക $2 \times 1 = 2$

(i) പുത്രൻ
(പുത്ര, പുത്രി, പൗത്ര, പൗത്രി)

(ii) പ്രവാചകൻ
(പ്രവാചകി, പ്രവാചക, വാചാല, വായാടി)

**5.** (a) പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക $2 \times 1 = 2$

(i) പകച്ചൊതുങ്ങി

(ii) തൃക്കരം

(b) വിഗ്രഹിച്ചെഴുതി സമാസം നിർണ്ണയിക്കുക $2 \times 1 = 2$

(i) കൽപ്പടവുകൾ

(ii) അന്വേഷണവിധേയം

## ഡി വിഭാഗം / SECTION D

**6.** (a) ഉത്തരം എഴുതുക : *4×4=16*

(i) 'ആവശ്യക്കാർ അംഗീകരിച്ച ഒരു സമ്പ്രദായം.' ഏതാണ് ആ സമ്പ്രദായം ? സന്ദർഭം വിവരിക്കുക.

(ii) രാജ്യങ്ങളുടെ സഹകരണത്തിനു ഹ്യുയാൻസാങ്ങിന്റെ വഴിയാണ്, കൊളംബസിന്റെ വഴിയല്ല കൈക്കൊള്ളേണ്ടത്, എന്നു പറയാൻ കാരണമെന്ത് ?

(iii) 'അത്' കാരിരുമ്പിന്റെ നിറമുള്ള, ഘനമുള്ള കൂർത്ത ഒരു പാറക്കല്ലായി മാറുന്നു. ഇതിലെ സൂചിതാർത്ഥമെന്തെന്ന് പരിശോധിക്കുക.

(iv) കർമ്മം സൃഷ്ടികർത്താവിനാൽ നിയോഗിക്കപ്പെട്ട ഒരു യജ്ഞമാണെന്ന് ഗാന്ധിജി എപ്രകാരം സമർത്ഥിക്കുന്നു ?

(b) (i) 'ജാതിച്ചുവട്ടിൽ ജലസേകമേകും
ജനങ്ങളീപ്പൂച്ചെടികൈയനക്കി
വളർത്തിടുന്നില്ലതുപോട്ടെ; ദൂരെ
വലിച്ചുമാററുന്നതുമുണ്ടു കഷ്ടം' - ജാതിച്ചുവട്ടിൽ ജലസേകമേകുക, വലിച്ചുമാററുക എന്നീ പ്രയോഗങ്ങളിൽ എന്തെല്ലാം അർത്ഥങ്ങളാണ് കണ്ടെത്താനാവുക.

(ii) 'ഇതല്ലെങ്കിൽ സ്വർഗ്ഗമെന്തിനി വേറെ' ? ആശയം വിശദമാക്കുക.

(iii) ദീപങ്ങളുടെ ദീപ്തിയെ ദൂരത്താക്കുന്നതാണ് വിരുന്നുകാരന്റെ ശോഭ എന്നു വർണ്ണിച്ചിരിക്കുന്നതിന്റെ പൊരുളെന്ത് ?

(iv) നഗരത്തെ വിശേഷിപ്പിക്കാൻ കവി ഉപയോഗിച്ചിരിക്കുന്ന പദങ്ങളുടെ അർത്ഥവ്യാപ്തി പരിശോധിക്കുക. *4×4=16*

**7.** ബ്രാക്കറ്റിൽ നിന്നും ശരിയുത്തരം എടുത്തെഴുതുക. $8\times\frac{1}{2}=4$

(a) മേലുദ്യോഗസ്ഥന്റെ സൂക്ഷ്മത എന്തിലായിരുന്നു ?
(വരാന്തയിൽ ഇരിക്കുന്നവരിൽ, കീഴുദ്യോഗസ്ഥനിൽ, കൈക്കൂലിയിൽ, നോട്ടുകൾ എണ്ണി തിട്ടപ്പെടുത്തുന്നതിൽ)

(b) 'ശരീരത്തെപ്പോലെ അവ ഒഴിച്ചുകൂടാനാവാത്തതാണ്.' — ഏവ ?
(കർമ്മം, യന്ത്രം, കൈകൾ, ആത്മാവ്)

(c) 'കൊൾവിനതൊന്നുമാത്രം.' എന്ത് ?
(ഗുണം, മണം, പൂവ്, തൂവെൺമ)

(d) ഏത് ഗൃഹസ്ഥനാണ് ധന്യനായത് ?
(മേലുദ്യോഗസ്ഥൻ, ഓഫീസർ, ശീമോൻ, യേശു)

(e) കദ്രുപുത്രന്മാർ ഉറങ്ങുന്നതെവിടെ ?
(ചുമർപ്പൊത്തിൽ, പാതാളത്തിൽ, ഫയൽക്കെട്ടിൽ, ചുട്ടകൽപ്പടവുകളിൽ)

(f) 'മനസ്സും ശവപ്പറമ്പായിരിക്കുന്നു.' - കാരണം ?
(യാത്രാക്ലേശം, കൈക്കൂലിക്കേസ്, കുടുംബക്ലേശം, കാത്തിരിപ്പ്.)

(g) 'തത്ത്വമസി' എന്ന പ്രശസ്തകൃതിയുടെ കർത്താവ്
(എൻ.എൻ. കക്കാട്, ഗാന്ധിജി, സുകുമാർ അഴീക്കോട്, വള്ളത്തോൾ)

(h) എൻ.എൻ. കക്കാടിന്റേതല്ലാത്ത കൃതിയേത് ?
(ആശാന്റെ സീതാകാവ്യം, പാതാളത്തിന്റെ മുഴക്കം, ശലഭഗിതം, സഫലമീയാത്ര)

**8.** ഏതെങ്കിലും രണ്ട് ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക. $2\times6=12$

(a) മുത്താമയോടൊപ്പമുള്ള പഠനവേളയിൽ അപ്പു ഗ്രഹിച്ചത് എന്തെല്ലാം ?

(b) മുത്താമയിൽനിന്നു കിട്ടിയ സിദ്ധി അപ്പു ആദ്യമായി പരിക്ഷിച്ച അനുഭവം വിവരിക്കുക.

(c) 'നിശ്ചയദാർഢ്യവും ആത്മവിശ്വാസവും ഏകാഗ്രതയുമുണ്ടെങ്കിൽ ആർക്കും ഏതു വെല്ലുവിളികളെയും അതിജീവിക്കാം' – അപ്പുവിന്റെ വിജയഘട്ടങ്ങളെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.